**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2585** — **11.10.2011 - ൽ മറുപടിക്ക്**

## അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്ന റോഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കേരളത്തിലെ പ്രധാന നാഷണൽ ഹൈവേകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുളള പദ്ധതിയിൽ ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്; | (എ) | കേരളത്തിലെ പ്രധാന നാഷണൽ ഹൈവേകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായുളള പദ്ധതിയിൽ എൻ.എച്ച്.17 മുഴുവനും എൻ.എച്ച്.47 (കളിയിക്കാവിള മുതൽ ചേർത്തല വരെ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന ബി.ഒ.റ്റി. വ്യവസ്ഥയിലും, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.49, എൻ.എച്ച്.220 ദേശീയപാതകൾ DBFOT വ്യവസ്ഥയിലും ഉൾപ്പെടുത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്ന റോഡുകളിൽ സഞ്ചരിക്കാൻ ടോൾ ഈടാക്കുമോ? | (ബി) | ടോൾ ഈടാക്കി DBFOT സ്കീമിൽ ഉൾപ്പെടുത്തിയാണ് ദേശീയപാതകളായ എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.49, എൻ.എച്ച്.220 എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ